Talented Bankers Literary Panel
പുസ്തക പരിചയം 124

പരിചയപ്പെടുത്തുന്നത്,
കിരൺ വി,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കൈതമുക്ക് ശാഖ.

ആമസോണും കുറെ വ്യാകുലതകളും
(യാത്രാ വിവരണം)
എം പി വീരേന്ദ്രകുമാർ

മലയാളത്തിലെ ധിഷണാശാലിയായിരുന്ന എഴുത്തുകാരൻ എം പി വീരേന്ദ്രകുമാറിൻ്റെ യാത്രാവിവരണങ്ങളിൽ ഒന്നാണ് 'ആമസോണും കുറെ വ്യാകുലതകളും'. 2007 ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്.

ആശയ വിനിമയത്തിൻ്റെ എല്ലാ അതിരുകളും ഭേദിച്ചുള്ള മുന്നേറ്റത്തിൽ ലോകത്തിൻ്റെ ഏത് കോണിലുള്ള സ്ഥലവും നമ്മുക്ക് കൈയെത്തും ദൂരത്താണ്. എന്നിരുന്നാലും മലയാളത്തിൽ യാത്രാവിവരണം എന്ന സാഹിത്യശാഖയുടെ മാർക്കറ്റ് ഇന്നും ഇടിഞ്ഞിട്ടില്ല. കാരണം സക്കറിയയും സി വി ബാലകൃഷ്ണനും വീരേന്ദ്രകുമാറുമൊക്കെ 'കാണുന്നതല്ല കാഴ്ച' എന്ന് (യു കെ കുമാരനോട് കടപ്പാട്) അനുഭവവേദ്യമാക്കുന്ന രീതിയിലാണ് എഴുതുന്നത് എന്നത് തന്നെ.
ഈ പുസ്തകത്തെ മൂന്നായി തിരിക്കാം.

ബ്രസീലിലെ റിയോ ഡി ജനീറോയിൽ 2000 ത്തിൽ നടന്ന World Association of Newspapers (WAN) എന്ന സമ്മേളനവും അതിനോടനുബന്ധിച്ച എഴുത്തുകാരൻ്റെ അനുഭവങ്ങളും ചിന്തകളും ആണ് ആദ്യഭാഗത്ത്. അഫ്ഗാനിസ്ഥാനിലും പശ്ചിമേഷ്യയിലും എന്നല്ല യൂറോപ്പിലും അമേരിക്കയിലും നമ്മുടെ നാട്ടിൽപ്പോലും പത്രപ്രവർത്തകർ നിരന്തരം വേട്ടയാടപ്പെടുന്ന ഇക്കാലത്ത് ഇരുപത് വർഷം മുൻപ്, എഴുത്തുകാരൻ സമ്മേളനത്തിലും ഇടവേളകളിലും മുന്നോട്ടുവയ്ക്കുന്ന ആശങ്കകളും പങ്കിടുന്ന അനുഭവങ്ങളും അഭിപ്രായങ്ങളും ഇന്നും പ്രസക്തമാണ് എന്നു കാണാം.
' അഭിപ്രായം സ്വതന്ത്രവും വസ്തുത പരിപാവനവുമാണ് ' എന്ന ചിന്തയിലൂന്നിയ ഗാർഡിയൻ പത്രം , നമുക്കെല്ലാം അറിയാവുന്നത് പോലെ തുടക്കം മുതൽ മൂല്യങ്ങൾക്കും സത്യത്തിനും നേരെ ഒരു വിട്ടുവീഴ്ചക്കും വഴങ്ങാതെ ഇന്നും നിലകൊള്ളുന്നു. ആ പത്രത്തിൽ തിരുത്താനും വിശദീകരണത്തിനും ഒരു കോളമുണ്ട്. 1999 ജനുവരി 26 ന് ആ പത്രത്തിൽ വന്ന ഒരു വിശദീകരണം ഇങ്ങിനെ.
'ഇന്നലെ തെറ്റുകളൊന്നും ഉണ്ടാകാതിരുന്നത് ശരി മാത്രമേ ഉണ്ടാകാവു എന്ന നിർബന്ധം കൊണ്ടല്ല, വെറുമൊരു സാങ്കേതികത്തകരാറ് മൂലമാണ് അബദ്ധങ്ങൾ പറ്റാതിരുന്നത് '.

ആമസോൺ നദിയിലൂടെയുള്ള യാത്രയാണ് രണ്ടാം ഭാഗത്ത്. എണ്ണമറ്റ അപൂർവ്വയിനം ജീവജാലങ്ങളുടെയും സസ്യങ്ങളുടെയും ഈറ്റില്ലമായ ആമസോൺ വനാന്തരത്തിലൂടെയുള്ള യാത്രയിൽ ഒരു ഗവേഷകനായോ

ശാസ്ത്രകുതുകിയെയോ അല്ല, മറിച്ച് എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനും തുല്യമായ അവകാശങ്ങൾക്കും കൊതിക്കുന്ന ഒരു പ്രകൃതി സ്നേഹിയെ നമുക്ക് എഴുത്തുകാരനിൽ കാണാം. ജീവിതത്തിൽ ഒരിണയെ മാത്രം പ്രാപിക്കുന്ന 'റെഡ് മക്കാസ് ' എന്ന പക്ഷിയെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. തൻ്റെ ഇണക്കെന്തെങ്കിലും അപായം സംഭവിക്കുകയോ കാണാതാകുകയോ ചെയ്താൽ വിരഹാർത്ത (യാ)നായ മക്കാസ് കണ്ണെത്താ ദൂരത്തേക്ക് പറന്നു പൊങ്ങി പെട്ടെന്ന് ചിറകുകൾ പൂട്ടി താഴേക്ക് വീണ് ജീവനൊടുക്കുമത്രെ.
ഈയിടെ ആമസോൺ കാടുകൾ ദിവസങ്ങളോളം നിന്നു കത്തിയപ്പോൾ (കത്തിച്ചപ്പോൾ) നിസംഗമായി വനമാഫിയക്ക് അരുനിന്ന ഭരണകൂടം എത്ര ജീവനുകൾ ഇല്ലാതാക്കിയിട്ടുണ്ടാകുമെന്ന് ഓർത്തു പോകുന്നു.

മൂന്നാമത്തെ ഭാഗം ആധുനിക കാലഘട്ടത്തിലെ നോവലിസ്റ്റുകളെ കുറിച്ചാണ്. മാർകേസും നെരൂദയും ഒക്ടോവിയ പാസുമൊക്കെ പരാമർശിക്കപ്പെടുന്നു. റൂൾഫോ എഴുതിയ വിലാസിനി മലയാളത്തിലേക്ക് മൊഴിമാറ്റിയ പെഡ്രോ പരാമോയെക്കുറിച്ച് ദീർഘമായി പ്രതിപാദിക്കുന്നുണ്ട്.
ഇനിയുമുണ്ട് ഈ പുസ്തകത്തിലേറെ. പെലെ, ഗരിഞ്ച, മറക്കാനാ സ്റ്റേഡിയത്തിലെ ആർത്തിരമ്പുന്ന ജനസഞ്ചയം, പിന്നെ സാംബ സംഗീതവും ചടുലതാളങ്ങളും. എല്ലാം മേളിച്ചൊരു വായന നിങ്ങളെ കാത്തിരിക്കുന്നു.

മാതൃഭൂമി പ്രസിദ്ധീകരണം
വില 160 രൂപ